**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1071** | **02-02-2026 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം മണ്ഡലത്തിലെ വെട്ടിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം മണ്ഡലത്തിലെ വെട്ടിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം (എൽ.ഐ .എസ്)-ലെ പമ്പ് സെറ്റുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെട്ടിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ 456 ഹെക്ടർ കൃഷി ഭൂമിയിലേക്ക് ജലസേചനത്തിനായി 125 എച്ച്.പി യുടെ 2 പമ്പ്സെറ്റുകളും, 75 എച്ച്.പി യുടെ 1 പമ്പ് സെറ്റുമാണ് പ്രവർത്തിക്കുന്നത്. കാലപഴക്കം മൂലം ഈ മോട്ടോറുകൾക്ക് നിരന്തരമായി കേടുപാടുകൾ സംഭവിക്കുന്നുണ്ട്. ഈ മോട്ടോറുകൾ വിദേശ നിർമ്മിതമായതിനാലും വിപണിയിൽ spare parts കൾ നിലവിൽ ലഭ്യമല്ലാത്തതിനാലും അറ്റകുറ്റപണികൾ നടത്തി ഇവയെ പ്രവർത്തന സജ്ജമാക്കുവാൻ കഴിയാത്ത അവസ്ഥയാണെന്ന് മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഉദ്യോഗസ്ഥരുടെ വിഭാഗം സംയുക്ത പരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത സ്കീമിന്റെ പുനരുദ്ധാരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കുന്നംകുളം മുനിസിപ്പാലിറ്റിയിലെ വെട്ടിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണപ്രവൃത്തി 2025-26 ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-2, വാല്യം II ൽ ക്രമനമ്പർ 526 പ്രകാരം 100 രൂപ ടോക്കൺ പ്രൊവിഷൻ ആയി ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ശോച്യാവസ്ഥയിലുള്ള മോട്ടോറുകൾ മാറ്റി പുതിയ 120 HP യുടെ 3 പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലും, സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 132.00 ലക്ഷം രൂപയുടെ DPR ഉം തയ്യാറാക്കി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ആയത് സർക്കാർ പരിശോധിക്കുകയും പ്രസ്തുത പ്രവൃത്തി മുൻഗണനാ പട്ടികയിൽ അല്ലാത്തതിനാലും മുൻഗണനാ പ്രവൃത്തികൾക്ക് വകയിരുത്തിയിരുന്ന തുക മാത്രമാണ് ലംപ്സം വിഹിതമായി 5054-80-800-66 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതിനാലും പ്രസ്തുത പ്രവൃത്തിയ്ക്ക് അധിക ധനാനുമതി നൽകുവാൻ നിലവിൽ നിർവ്വാഹമില്ലാത്തതിനാൽ, |

| | | | |
|---|---|---|---|
| | | | **അനുവദിച്ചിട്ടുള്ള സംസ്ഥാന പദ്ധതി വിഹിതത്തിൽ മിച്ചം കണ്ടെത്തി കൊണ്ടോ, അല്ലെങ്കിൽ മറ്റൊരു മുൻഗണനാ പ്രവൃത്തിക്ക് പകരം ഈ പ്രവൃത്തി ഉൾപ്പെടുത്തികൊണ്ടോ ശുപാർശ സമർപ്പിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ